**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3646** **05-08-2021 - ൽ മറുപടിയ്ക്ക്**

**വെണ്ണക്കര 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്ബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് മണ്ഡലത്തിലെ വെണ്ണക്കര 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്ബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചോ; എങ്കിൽ പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 110 കെ.വി ജി.ഐ.എസ് വെണ്ണക്കര സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷനിൽ നിന്ന് 11 കെ.വി വൈദ്യുതി വിതരണത്തിനായുള്ള പാനൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരികയാണ്. 2021 സെപ്റ്റംബർ മാസത്തിൽ വിതരണം തുടങ്ങാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വെണ്ണക്കര 110 കെ.വി സബ്ബ് സ്റ്റേഷനെ 220 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിലെ 110 കെ.വി വെണ്ണക്കര സബ്സ്റ്റേഷൻ 220 കെ.വി ജി.ഐ.എസ് സബ്സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തിക്ക് 82.31 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു- (1) 220/110 കെ.വി ജി.ഐ.എസ് സബ്സ്റ്റേഷന്റെ നിർമ്മാണം – 53.61 കോടി രൂപ (2) നിർദ്ദിഷ്ട വെണ്ണക്കര സബ്സ്റ്റേഷനിലേയ്ക്ക് എലപ്പുള്ളി – മാടക്കത്തറ ഫീഡറിൽ നിന്നുള്ള 7.5 കി.മീ 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന്റെ നിർമ്മാണം- 28.70 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതി ആയതിനാൽ പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) അനുമതിയ്ക്കായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ